# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

## (2012-2013)

**SECOND REPORT**

**THE SCRUTINY OF DEMANDS FOR GRANTS**

**ON**

**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June 2012)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2012

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(2012-2013)

SECOND REPORT
ON
THE SCRUTINY OF DEMANDS FOR GRANTS
(2012-2013)

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.

ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.

ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.

ശ്രീ. എം. ഹംസ, എം.എൽ.എ.

ശ്രീ. പി. എ. മാധവൻ, എം.എൽ.എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ.

ശ്രീ. എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽവരുന്ന, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 12, 17 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപംനൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ആര്യാടൻ മുഹമ്മദ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2012 മേയ് 2

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ടു ചെയ്തത് : 29,02,77,58,000 രൂപ

ചാർജ്ജ് ചെയ്തത് : 37,10,000 രൂപ

2210-01-102-96—ഇ.എസ്.ഐ.യുടെകീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

04—മെഡിക്കൽ ക്ലെയിംസിന്റെ റീ ഇംപേഴ്സ്മെന്റ്

വിഹിതം : 5,20,00,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് ഇപ്പോൾ ഇൻഷ്വർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിലേക്കുമായി ഇപ്പോൾ അനുവദിച്ച തുകക്കുപുറമെ 2,80,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

വോട്ട് ചെയ്തത് : 8,34,93,54,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2230-01-001—99-നടത്തിപ്പ്

വിഹിതം : 3,83,73,000 രൂപ (നോൺ പ്ലാൻ)

2. ഈ ശീർഷകത്തിൽ 02-വേതനം എന്ന ഇനത്തിൽ 1,26,000 രൂപയും 05-ഓഫീസ് ചെലവ് ഇനത്തിൽ 30,00,000 രൂപയും 21 (1)-വാഹനം വാങ്ങൽ എന്ന ഇനത്തിൽ 1,00,00,000 രൂപയും 99-വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ 5,00,000 രൂപയുംകൂടി ഉൾപ്പെടുത്തി ആകെ 1,38,27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

വിഹിതം : 80,00,000 രൂപ (പ്ലാൻ)

15,29,81,000 രൂപ (നോൺ പ്ലാൻ)

3. ലേബർ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി വെബ് എനേബിൾഡ് സോഫ്റ്റ്‌വെയറിലേക്ക് മാറുവാനും ജില്ലാ ഓഫീസുകൾ ആധുനിക വൽക്കരിക്കുന്നതിനും ആവശ്യമായ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനുമായി നിലവിലുള്ള വിഹിതത്തിന് ഉപരിയായി 70 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 31,08,000 രൂപ (നോൺ പ്ലാൻ)

4. ഈ ശീർഷകത്തിൽ 04 (1)-ഇനത്തിൽ യാത്രപ്പടിക്കായി വകകൊള്ളിച്ചിരിക്കുന്ന തുക കുറവാണ്. ബോർഡ് രൂപീകൃതമായി പ്രവർത്തനം നടക്കുമ്പോൾ നിലവിലെ യാത്രാപ്പടി നിയമവും മന്തിലീ സീലിംഗും കണക്കാക്കുമ്പോൾ പ്രസ്തുത തുക കുറവായി വരുന്ന സാഹചര്യത്തിൽ 04 (1)-യാത്രാബത്ത എന്ന ഇനത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-98—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി

വിഹിതം : 6,11,000 രൂപ (നോൺ പ്ലാൻ)

5. ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഒൻപത് വ്യവസായബന്ധ സമിതികളുടെയും ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ്, പ്ലാന്റേഷൻ ലേബർ കമ്മിറ്റി എന്നിവയുടേയും ധാരാളം സിറ്റിംഗുകൾ കൂടേണ്ടിവരുമെന്നതിനാൽ 04 (1)-യാത്രപ്പടി ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 4 ലക്ഷം രൂപകൂടി അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

05—മറ്റിനങ്ങൾ

വിഹിതം : 46,000 രൂപ (നോൺ പ്ലാൻ)

6. ഫോട്ടോകോപ്പിയിംഗ് മെഷീനും ഫർണിച്ചറുകളും വാങ്ങുന്നതിന് 2,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

05 (4)—മറ്റിനങ്ങൾ

വിഹിതം : 40,000 രൂപ (നോൺ പ്ലാൻ)

7. കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഫാക്സ് സൗകര്യവും ഫോട്ടോകോപ്പിമെഷീനും ലഭ്യമല്ലാത്തത് ട്രിബ്യൂണലിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതുകൊണ്ട് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ഫാക്സ് മെഷീൻ വാങ്ങുന്നതിലേക്കായും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്കായും 1 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21 (2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 32,000 രൂപ (നോൺ പ്ലാൻ)

8. ഈ ഓഫീസിലെ 2008 മോഡൽ അംബാസിഡർ കാർ റിപ്പയർ ചെയ്യുന്നതിനും ഇൻഷ്വറൻസ് അടയ്ക്കുവാനും വരുന്ന ചെലവുകൾ കണക്കിലെടുക്കുമ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി (RRT)

വിഹിതം : ഇല്ല

9. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വീട്ടുവാടക ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ അധിക തുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ 90,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 44,84,000 രൂപ (നോൺ പ്ലാൻ)

10. ഈ ശീർഷകത്തിലെ 01-ശമ്പളം എന്ന ഇനത്തിൽ 4,04,000 രൂപയും 02-വേതനം എന്ന ഇനത്തിൽ 47,000 രൂപയും 05 (4) എന്ന ഇനത്തിൽ ട്രിബ്യൂണലിന്റെ ആധുനികവൽക്കരണത്തിന് മാത്രമായി 1 ലക്ഷം രൂപയും ഓഫീസ് ചെലവുകളിലെ 05 (2), 05 (3) എന്നിവയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കുറവായതിനാൽ 1,04,000 രൂപയും ഉൾപ്പെടെ 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ ആകെ 2,04,000 രൂപയും 21-മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 12,000 രൂപയും അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

05 (4)—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 85,000 രൂപ (നോൺ പ്ലാൻ)

11. കൊല്ലം ലേബർ കോടതിയിൽ നിലവിലുള്ള കമ്പ്യൂട്ടർ സിസ്റ്റം റിപ്പയർ ചെയ്യുന്നതിനും ഒരു കമ്പ്യൂട്ടറും ഡോട്ട് മെട്രിക്സ് പ്രിന്റർ വാങ്ങുന്നതിനും 75,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

5 (4)—മറ്റിനങ്ങൾ

വിഹിതം : 66,000 രൂപ (നോൺ പ്ലാൻ)

12. കോഴിക്കോട് ലേബർ കോടതിക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടില്ലാത്തതിനാൽ ഒരു എ. സി. ഡീസൽ കാർ വാങ്ങുന്നതിന് 8,00,000 രൂപയും ഒരു ഫാക്സ് മെഷീൻ വാങ്ങുന്നതിന് 10,000 രൂപയും ഉൾപ്പെടെ 8,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 60,000 രൂപ (നോൺ പ്ലാൻ)

13. പ്രതിമാസം 15,000 രൂപ കെട്ടിട വാടക നൽകേണ്ടതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 1,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

04(2)—സ്ഥലംമാറ്റബത്ത

വിഹിതം : 18,000 രൂപ (നോൺ പ്ലാൻ)

14. എറണാകുളം ലേബർ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർക്കും സെക്രട്ടറിക്കും ഈ ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി 15,075 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05 (3)—ടെലഫോൺ ചെലവ്

വിഹിതം : 22,000 രൂപ (നോൺ പ്ലാൻ)

15. ടെലഫോൺ ചാർജ്ജ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 29,454 രൂപ ചെലവുവന്നിട്ടുള്ളതിനാൽ ഈ ഇനത്തിൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21(2)—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റുകുറ്റപ്പണികളും

വിഹിതം : 26,000 രൂപ

16. ഓഫീസ് വാഹനത്തിന് പാച്ച്‍വർക്ക്, പെയിന്റിംഗ്, മെക്കാനിക്കൽ വർക്ക് എന്നിവയ്ക്ക് 60,000 രൂപയുടെ എസ്റ്റിമേറ്റ് PWD നൽകിയിരിക്കുന്ന സാഹചര്യത്തിൽ വിഹിതത്തിന് ഉപരിയായി 40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 47,80,000 രൂപ (നോൺ പ്ലാൻ)

17. ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് 04 (1)-യാത്രാബത്ത എന്ന ശീർഷകത്തിൽ 40,000 രൂപയും 21(2)-മോട്ടോർ വെഹിക്കിൾ റിപ്പയഴ്സ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിൽ 30,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

04—യാത്രാചെലവുകൾ

വിഹിതം : 11,70,000 രൂപ (നോൺ പ്ലാൻ)

18. സംസ്ഥാനത്തൊട്ടാകെ 18,740 ഫാക്ടറികളുടെ പരിശോധന, സൈറ്റ് അപ്രൈസൽ, പ്രയോറിട്ടി ഇൻസ്പെക്ഷൻ, എയർ മോണിറ്ററിംഗ് സ്റ്റഡി, വിവിധ പരിശീലന പരിപാടികൾ, കൺസ്ട്രക്ഷൻ സേഫ്റ്റിയുമായി ബന്ധപ്പെട്ട പരിശോധനകൾ, അനധികൃതമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ പരിശോധിച്ച് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കോടതിയിൽ ഹാജരാകേണ്ടതുണ്ട്. പ്രസ്തുത ആവശ്യങ്ങൾക്കായി വകുപ്പിലെ ഓഫീസേഴ്സിന് യാത്രപ്പടി നൽകുന്നതിന് എല്ലാ സാമ്പത്തിക വർഷങ്ങളിലും അനുവദിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ, വകുപ്പിലെ ഇൻറേണൽ ആഡിറ്റ്, റിക്കൺസിലിയേഷൻ ജോലികൾ എന്നിവയുമായി ബന്ധപ്പെട്ട് ഓഫീസേഴ്സിന് നൽകുന്ന യാത്രപ്പടിയിലും ഗണ്യമായ വർദ്ധനവ് വരുന്നുണ്ട്. ആയതിനാൽ ഈ ഹെഡിൽ 4,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

വിഹിതം : 12,35,000 രൂപ (നോൺ പ്ലാൻ)

19. സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പിന്റെ വിലയിലുള്ള വൻദ്ധനവ്, വൈദ്യുത ചാർജ്ജ്, ടെലഫോൺ ചാർജ്ജ് എന്നിവയിലുള്ള വർദ്ധനവ്, ഓഫീസ് ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയ്ക്ക് അധികം തുക വേണ്ടി വരുന്നതിനാൽ 1,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 6,20,000 രൂപ (നോൺ പ്ലാൻ)

20. ഡയറക്ടറേറ്റ് ഉൾപ്പെടെ 10 ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ വാടക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കുടിശ്ശിക ഉൾപ്പെടെ അധികം തുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 2,00,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

1—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

21. 1961-ൽ വകുപ്പ് വിഭജിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ നാലായിരത്തോളം ഫാക്ടറികൾ മാത്രമെ സംസ്ഥാനത്ത് ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് 18740 ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ എണ്ണമറ്റ അൺരജിസ്റ്റേർഡ് ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം പരിശോധന

നടത്തി തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന തിനും മറ്റും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടതുണ്ട്. ILO നിബന്ധന അനുസരിച്ച് വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും ഫാക്ടറികൾ പരിശോധന നടത്തി തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ പരിശീലന പരിപാടികൾ സംസ്ഥാനത്ത് സംഘടിപ്പി ക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് പങ്കെടുക്കേണ്ടതുണ്ട്. അതുപോലെ റവന്യൂ കളക്ഷൻ കൃത്യമായി നടത്തുന്നതിനും സംസ്ഥാനത്തെ മേജർ ഹസാർഡസ്സ് ഫാക്ടറികളിൽ അപകടം ഉണ്ടാകുമ്പോൾ യഥാസമയം ഫാക്ടറിയിൽ എത്തി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടതുണ്ട്. കൂടാതെ ഒറ്റപ്പെട്ട ഹൈറേഞ്ച് മേഖലകളിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ പരിശോധനയ്ക്ക് വാഹനങ്ങൾ അത്യാവശ്യമാണ്. ഇപ്പോൾ വകുപ്പിൽ നിന്നും 5,71,00,000 രൂപയുടെ റവന്യൂ കളക്ഷൻ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. കൂടുതൽ ഫാക്ടറികൾ പരിശോധിച്ച് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ ഗവൺമെന്റിന്റെ റവന്യൂ ഗണ്യമായി വർദ്ധിക്കുന്നതാണ്. വകുപ്പിൽ നിലവിലുള്ള വാഹനങ്ങളിൽ നാലെണ്ണം കണ്ടംചെയ്യുകയുണ്ടായി. ഇപ്രകാരം വാഹനങ്ങളുടെ ദൗർലഭ്യം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെയും റവന്യൂ കളക്ഷനെയും സാരമായി ബാധിക്കുന്നു. ഇപ്പോൾ 2 വാഹനങ്ങൾ വാങ്ങാനുള്ള ഗവൺമെന്റ് ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഇനി 2 വാഹനങ്ങൾ കൂടി വാങ്ങുന്നതിനായി 20 ലക്ഷം രൂപ കൂടി ആവശ്യമാണ്. ആയത് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 1,25,000 രൂപ (നോൺ പ്ലാൻ)

22. ഫർണിച്ചറുകൾ റിപ്പയർ ചെയ്യുന്നതിനും ഉപ ഓഫീസുകൾക്ക് കമ്പ്യൂട്ടർ ടേബിൾ വാങ്ങുന്നതിനും ഉപ ഓഫീസുകളിലെ പഴയ കേടുപാടുവന്ന ഫർണിച്ചറു കൾ മാറ്റി വാങ്ങുന്നതിനും മറ്റുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ 50,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

04—യാത്രാചെലവുകൾ

വിഹിതം : 2,93,000 രൂപ (നോൺ പ്ലാൻ)

23. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന Major Accident Hazardous ഫാക്ടറി കളിൽ Air Monitoring Study, Priority Inspection എന്നിവ നടത്തുന്നതിനും രാസ അപകടങ്ങൾ സംഭവിക്കുമ്പോൾ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് നൽകുന്ന തിനും മറ്റും സേഫ്റ്റി സെല്ലിലെ ടെക്നിക്കൽ സ്റ്റാഫ് നിർബന്ധമായും പോകേണ്ടതുണ്ട്. കൂടാതെ സൈറ്റ് അപ്രൈസൽ നടത്തുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകേണ്ടതുണ്ട്. ഇവയ്ക്കെല്ലാം ഓഫീസേഴ്സിന് യാത്രാപ്പടി നൽകുന്നതിന് അധികം തുക വേണ്ടിവരുന്നു. അതിനാൽ 80,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

വിഹിതം : 5,75,000 രൂപ (നോൺ പ്ലാൻ)

1,000 രൂപ (പ്ലാൻ)

24. വൈദ്യുത ചാർജ്ജിലും ടെലഫോൺ ചാർജ്ജിലും കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസിനായും അധികം തുക വേണ്ടി വരുന്നതുകൊണ്ട് 1,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം : 1,08,000 രൂപ (നോൺ പ്ലാൻ)

25. ഇന്ധനവില വർദ്ധനവ് തരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

10—സംഭാവന

വിഹിതം : 5,72,00,000 രൂപ (നോൺ പ്ലാൻ)

26. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നിരക്ക് 525 രൂപയായി ഉയർത്തിയതുമൂലമുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോഴും 2011-12-ലെ ആറുമാസത്തെ പെൻഷൻ കുടിശ്ശിക ബാദ്ധ്യതയായി ഉള്ളതിനാലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 47,74,36,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

10—സംഭാവന

വിഹിതം : 93,50,000 രൂപ (നോൺ പ്ലാൻ)

27. മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. 2011-12 സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 85 ലക്ഷം രൂപ തികയാതെവന്ന സാഹചര്യത്തിൽ അതുവരെയുള്ള അപേക്ഷകളുടെ എണ്ണം കണക്കിലെടുത്ത് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ കൂടി അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിരുന്നു. അപ്രകാരം ബഡ്ജറ്റിൽ ആകെ വകയിരുത്തിയ 1,85,30,000 രൂപ 2011 നവംബർ വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. 2011 ഡിസംബർ മുതൽ മാർച്ചുവരെയും അത് കഴിഞ്ഞ് 2012-13 സാമ്പത്തികവർഷം തീരുംവരെയും ആനുകൂല്യവിതരണത്തിനായി 2 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി

10—സംഭാവന

വിഹിതം : 30,80,000 രൂപ (നോൺ പ്ലാൻ)

28. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നിരക്ക് 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9300 പെൻഷനേഴ്സുള്ള പ്രസ്തുത ബോർഡിൽ പെൻഷൻ നൽകുവാൻ മാത്രം 6,17,14,800 രൂപ വേണ്ടിവരുമെന്നുള്ള തിനാൽ ഈ ശീർഷകത്തിൽ 5,86,35,000 രൂപകൂടി അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

10—സംഭാവന

വിഹിതം : 10,00,000 രൂപ (നോൺ പ്ലാൻ)

29. മറ്റ് ക്ഷേമനിധികളുടെ പരിധിയിൽവരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം നൽകുന്നതിന് 2011-12-ലെ കണക്കുപ്രകാരം 1,00,43,151 രൂപ ആവശ്യമുണ്ട്. ആയതിനാൽ 90,43,151 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും

10—സംഭാവന

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

30. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2011-12 വരെ സർക്കാരിൽ നിന്നും 1,85,71,775 രൂപ ലഭിക്കുവാനുണ്ട്. കൂടാതെ പെൻഷൻ നിരക്ക് ഉയർത്തിയതുമൂലമുള്ള വർദ്ധനവ് 2011-12-ലെ അവസാനത്തെ ആറ് മാസക്കാലത്തെ പെൻഷൻ കുടിശ്ശികയും നൽകുന്നതിനായി 5 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-79—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

10—സംഭാവന

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

31. കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കണക്ക് പ്രകാരം 2011-12 വർഷംവരെ 13,78,00,000 രൂപ ഗ്രാന്റായി ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 13.78 കോടി രൂപകൂടി അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

10—സംഭാവന

വിഹിതം : 7,70,000 രൂപ (നോൺ പ്ലാൻ)

32. 312 തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ 2011-12-ലെ അവസാനത്തെ ആറുമാസത്തെ പെൻഷൻ നൽകുന്നതിനായി കുടിശ്ശികയായ 7,76,240 രൂപയും 2012-13-ലെ വർദ്ധിപ്പിച്ച പെൻഷൻ നൽകുന്നതിന് ആകെ 29,59,000 രൂപയും ഉൾപ്പെടെ 37,35,240 രൂപ ആവശ്യമായിവരുന്ന സാഹചര്യത്തിൽ 29,65,240 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-73—കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി-അംശദാനം

10—സംഭാവന

വിഹിതം : 18,70,000 രൂപ (നോൺ പ്ലാൻ)

33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കണക്കുകൾപ്രകാരം 3/2012 വരെ പെൻഷൻ നൽകുവാനായി മാത്രം 78,42,000 രൂപ ആവശ്യമാണ്. കൂടാതെ ക്ഷേമ പെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 2,68,19,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം

10—സംഭാവന

വിഹിതം : 61,00,000 രൂപ (നോൺ പ്ലാൻ)

34. 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലേക്കുള്ള മാച്ചിംഗ് ഗ്രാന്റായി ബോർഡിന് ലഭിക്കേണ്ട 14,70,70,514 രൂപയും ബോർഡിലെ അംഗങ്ങൾക്ക് ക്ഷേമാനുകൂല്യ വിതരണത്തിന് 81,55,20,000 രൂപ ആവശ്യമായതിനാൽ ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 95,65,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം

10—സംഭാവന

വിഹിതം : 10,00,000 രൂപ (നോൺ പ്ലാൻ)

35. 2011-12-ലെ ആറുമാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും ക്ഷേമപെൻഷൻ 125 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ഇനത്തിൽ 3 കോടി

രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം കഴിച്ച് 2,90,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

36. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ 2010-11 വർഷത്തെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവ് (എംഎസ്.) 170/2011/ തൊഴിൽ തീയതി. 31-10-2011 പ്രകാരം 4 കോടി 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2011-12-ലെ ബഡ്ജറ്റിൽ 2230-01-103-62-10 ശീർഷകത്തിൽ 1000 രൂപ മാത്രം വകയിരുത്തിയിരുന്നതിനാൽ നാളിതുവരെ ഉത്തരവ് പ്രകാരമുള്ള തുക മാറി നൽകുവാൻ കഴിഞ്ഞിട്ടില്ല. 2011-12-ലെ എസ്.ഡി.ജി. കളിലും ഈ തുക ഉൾക്കൊള്ളിക്കുവാൻ ശുപാർശ നൽകിയെങ്കിലും പരിഗണിച്ചില്ല. 2011-12 വർഷത്തേക്ക് 6 കോടി രൂപയുടെ പ്രൊപ്പോസലും സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. 2012-13 വർഷത്തേക്കും 6 കോടി രൂപ ഈയിനത്തിൽ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. 2012-13-ൽ ഈ ഇനത്തിൽ 1000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. ആയതിനാൽ 16,78,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-61—കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമപദ്ധതി

10—സംഭാവന

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ)

37. 2011-12 വരെ കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമപദ്ധതി വ്യവസ്ഥ പ്രകാരം സർക്കാർ നൽകുവാനുള്ള അംശദാന കുടിശ്ശിക 1,27,26,677 രൂപയാണ്. 2011-12-ലെ പെൻഷൻ കുടിശ്ശിക ഇനത്തിൽ 30,52,000 രൂപയും 2012-13-ലേക്ക് 63,36,000 രൂപയും ചെലവഴിക്കേണ്ട സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയായ 2,04,14,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന

വിഹിതം : 31,00,000 രൂപ (നോൺ പ്ലാൻ)

38. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ട് വകുപ്പ് (4) ഉപവകുപ്പ് (4) പ്രകാരം ഈ ക്ഷേമനിധിയിലെ ഓരോ അംഗവും അടയ്ക്കുന്ന വിഹിതത്തിന്റെ 25% സർക്കാർ ഗ്രാന്റായി ബോർഡിലേക്ക് നൽകേണ്ടതാണ്. ഇതുപ്രകാരം 2007-08 മുതൽ 2010-11 വരെ ബോർഡിന് കുടിശ്ശികയായി ഒരു കോടി എഴുപത് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപയും 2012-13-ൽ ബോർഡ് പ്രതീക്ഷിക്കുന്ന

തൊഴിലാളി വിഹിതത്തിന്റെ 25% ആയ 4,11,00,870 രൂപയും ചേർത്ത് ആകെ 5,81,17,215 രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2012-13-ലെ ബഡ്ജറ്റ് വിഹിതമായ 31 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 5,50,17,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-57-10—കേരള സ്വർണ്ണപ്പണിക്കാരുടെ ക്ഷേമനിധി ബോർഡ്-സംഭാവന

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

39. കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 50% ഷെയർ ആയി ബോർഡിന് നൽകണമെന്ന തിനാൽ ഈ ശീർഷകത്തിൽ 18,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-50-10—കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി-സംഭാവന

വിഹിതം : 13,00,000 രൂപ (നോൺ പ്ലാൻ)

40. ഈ പദ്ധതിപ്രകാരം സർക്കാർ കോൺട്രിബ്യൂഷനായി 2008-09 മുതൽ 2011-12 വരെ 60,67,834 രൂപ ലഭിക്കുവാനുണ്ട്. കൂടാതെ, പെൻഷൻ നൽകുന്നത് ഗവൺമെന്റിൽ നിന്നുമാകയാൽ ഈ ഇനത്തിൽ 2011-12-ലേക്ക് 14,52,000 രൂപയും 2012-13-ലേക്ക് 14,52,000 രൂപയും 2012-13-ലേക്ക് 24,00,000 രൂപയുമുൾപ്പെടെ ആകെ 99,19,834 രൂപയായി കണക്കാക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 86,20,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി

10—സംഭാവന

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

41. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,68,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-34—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

10—സംഭാവന

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

42. സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലെ തൊഴിലാളി കൾക്ക് ആനുകൂല്യമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 1,00,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-32—കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

10—സംഭാവന

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

43. 2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വില വിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവര ശേഖരണം നടത്തിവരികയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 42,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ള ശമ്പള പരിഷ്കരണവും ദിവസ വേതന തൊഴിലാളികളുടെ വേതന വർദ്ധനവും കമ്മിറ്റി അംഗങ്ങളുടെ യാത്രപ്പടി ക്ലാസ് 1 ആഫീസറിന് തുല്യമാക്കുകയും ചെയ്ത സാഹചര്യത്തിൽ അടങ്കൽ തുക 65,01,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കി തുകയായ 23,01,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-27—അവശരായ മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം

വിഹിതം : 3,25,00,000 രൂപ (നോൺ പ്ലാൻ)

44. കുടിശ്ശിക ഉൾപ്പെടെ 8/2011 മുതൽ 3/2013 വരെ തൊഴിലാളികൾക്ക് പെൻഷൻ നൽകുവാൻ 6,24,91,200 രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 3 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 31,34,29,000 രൂപ (നോൺ പ്ലാൻ)

45. എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-2011-ൽ തന്നെ ടെലിഫോൺ, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ്ജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 6.229 ലക്ഷം രൂപയും, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 99-വിവര സാങ്കേതിക വിദ്യ ഇനത്തിൽ 4 ലക്ഷം രൂപയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റേണൽ ആഡിറ്റ് ശാക്തീകരിക്കുന്നതിനും തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും ഇ.എം.ഐ., വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന് ഒരു വാഹനവും ഉൾപ്പെടെ 15 വാഹനങ്ങൾ വാങ്ങുന്നതിന് 1,19,00,000 രൂപ 21(1) Purchase of Vehicle എന്ന ഇനത്തിലും അധികമായി ഈ ശീർഷകത്തിൽ ആകെ 1,29,22,900 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

വിഹിതം : 31,34,29,000 രൂപ (നോൺ പ്ലാൻ)

46. സംസ്ഥാനത്തെ ആകെയുള്ള 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 62 ഇടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012-13 കാലയളവിൽ കമ്പ്യൂട്ടറൈസ് ചെയ്യാത്ത മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-89—പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

34—മറ്റു ചെലവുകൾ

വിഹിതം : 2,33,000 രൂപ (നോൺ പ്ലാൻ)

47. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 1,27,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 2,29,59,000 രൂപ (നോൺ പ്ലാൻ)

48. 2012-13 സാമ്പത്തിക വർഷം തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്തുനൽകുന്നതിന് ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-192-50—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റികൾക്കുള്ള സഹായം—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം : 3,56,17,000 രൂപ

49. 12/2011 മുതൽ 2/2013 വരെയുള്ള 15 മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 3,56,48,000 രൂപ (നോൺ പ്ലാൻ)

50. 04 യാത്രാചെലവ്-1 യാത്രാബത്ത ഇനത്തിൽ 1,70,000 രൂപയും 04-യാത്രാചെലവ്-2 സ്ഥലമാറ്റം ബത്ത ഇനത്തിൽ 50,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ വാട്ടർ ചാർജ്ജിനായി 17,000 രൂപയും ടെലഫോൺ ചാർജ്ജിനായി 72,000 രൂപയും, മറ്റിനങ്ങൾ എന്നതിൽ 58,000 രൂപയും, 21-മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ 10,23,000 രൂപയും 34 മറ്റു ചെലവുകൾ എന്നതിൽ 12,00,000 രൂപയും, 45-പി.ഒ.എൽ. എന്ന ഇനത്തിൽ 53,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 12,98,000 രൂപ (നോൺ പ്ലാൻ), 20,00,000 രൂപ (പ്ലാൻ)

51. 04 യാത്രാചെലവുകൾ-1 യാത്രാബത്ത എന്ന ഇനത്തിൽ 6,000 രൂപയും 04-യാത്രാചെലവുകൾ-2 സ്ഥലമാറ്റബത്ത എന്ന ഇനത്തിൽ 2,000 രൂപയും, 05-ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ എന്നതിൽ 5,000 രൂപയും 17-ചെറുകിട മരാമത്ത് പണികൾ എന്ന ഇനത്തിൽ 50,000 രൂപയും 34-മറ്റു ചെലവുകൾ (നോൺ പ്ലാൻ) ഇനത്തിൽ 20,000 രൂപയും 34-മറ്റു ചെലവുകൾ (പ്ലാൻ) ഇനത്തിൽ ട്രെയിനിംഗ് ആവശ്യത്തിനും ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം—നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ)

52. സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആധുനികവത്ക്കരിച്ച് പൂർണ്ണമായും കമ്പ്യൂട്ടർ അടിസ്ഥാനത്തിൽ ആക്കുന്നതിനാണ് തുക ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത സെൽ സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനെല്ലാംകൂടി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബാക്കി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-001-95—ഐ.ടി.യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ

വിഹിതം : 200 ലക്ഷം രൂപ (നോൺ പ്ലാൻ)

53. ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, ഐ.ടി.ഐ.കളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കെൽട്രോണുമായി സഹകരിച്ച്, അവരുടെ വിദഗ്ദ്ധ ഉപദേശത്തോടും, സഹായത്തോടും കൂടിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്തെ 30 ഐ.ടി.ഐ.കളിൽ നടപ്പിലാക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഐ.ടി.ഐ.കളിൽ കൂടി ഇത് വ്യാപിക്കേണ്ടതുണ്ട്. യന്ത്രോപകരണങ്ങളുടെയും സോഫ്റ്റ്വെയറിന്റെയും സംഭരണം, മെയിന്റനൻസ്, സർവ്വീസ് സപ്പോർട്ട്, ഐ.ടി.ഐ.കളിൽ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 280 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 78,53,42,000 രൂപ (നോൺ പ്ലാൻ)

54. ഈ ശീർഷകത്തിൽ 02-വേജസ് ഇനത്തിൽ 50,000 രൂപയും 04-1-യാത്രാബത്ത ഇനത്തിൽ 1,64,79,000 രൂപയും 04-02 സ്ഥലംമാറ്റബത്ത ഇനത്തിൽ 3,42,000 രൂപയും 05-ഓഫീസ് ചെലവുകൾ ഇനത്തിൽ 13,72,000 രൂപയും 3-ടെലഫോൺ ചാർജ്ജ് ഇനത്തിൽ 7,75,000 രൂപയും 4-മറ്റിനങ്ങൾ ഇനത്തിൽ 4,20,000 രൂപയും 12-സ്ക്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 16,00,000 രൂപയും 17-മൈനർ വർക്സ് ഇനത്തിൽ 9,30,00,000 രൂപയും 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 4,00,000 രൂപയും 34-മറ്റു ചെലവുകൾ ഇനത്തിൽ 4,22,58,000 രൂപയും 45-പി.ഒ.എൽ. ഇനത്തിൽ 73,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാശ ചെയ്യുന്നു.

2230-03-101-98—വ്യാവസായിക പരിശീലനകേന്ദ്രം, പള്ളിക്കത്തോട്

വിഹിതം : 2,32,65,000 രൂപ (നോൺ പ്ലാൻ)

55. ഈ ശീർഷകത്തിൽ (04)-1-യാത്രാബത്ത ഇനത്തിൽ 1,32,000 രൂപയും സ്ഥലംമാറ്റബത്ത എന്ന ഇനത്തിൽ 15,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 3,000 രൂപയും 12-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,00,000 രൂപയും 28 തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും 45-പി.ഒ.എൽ. എന്ന ഇനത്തിൽ 5,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലനകേന്ദ്രം, തിരുവനന്തപുരം

വിഹിതം : 1,78,54,000 രൂപ (നോൺ പ്ലാൻ)

56. പ്രസ്തുത ശീർഷകത്തിൽ 04-1-യാത്രാബത്ത ഇനത്തിൽ 35,000 രൂപയും, 04-2-സ്ഥലംമാറ്റ ബത്ത ഇനത്തിൽ 14,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ 3-ടെലഫോൺ ചെലവ് ഇനത്തിൽ 10,000 രൂപയും 4-മറ്റിനങ്ങൾ എന്നതിൽ 14,000 രൂപയും ചേർത്ത് ആകെ 24,000 രൂപയും,

12-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,50,000 രൂപയും, 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 15,000 രൂപയും 34-മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 7,00,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-87—ഐ.ടി.ഐ.കളുടെ നവീകരണം-34-മറ്റു ചെലവുകൾ

3—മറ്റിനം

വിഹിതം : 30,00,00,000 രൂപ (പ്ലാൻ)

57. സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, അതോടൊപ്പം കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക എന്നിവയ്ക്കായി ആണ് 2867.44 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിലെ ഐ.ടി.ഐ.കളിലെ മരാമത്ത് പണികൾ കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ 500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-76—പ്രത്യേക തൊഴിൽ പരിശീലനം

വിഹിതം : 71,55,000 രൂപ (നോൺ പ്ലാൻ)

20,00,000 രൂപ (പ്ലാൻ)

58. ഈ ശീർഷകത്തിൽ 04 (1)-യാത്രാബത്ത ഇനത്തിൽ 14,000 രൂപയും, 04-(2)-സ്ഥലംമാറ്റ ബത്ത എന്ന ഇനത്തിൽ 22,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും, 34-മറ്റു ചെലവുകൾ എന്നയിനത്തിൽ 10,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-74—വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ന്യൂനീകരിക്കൽ)

വിഹിതം : 250 ലക്ഷം രൂപ (പ്ലാൻ)

59. സംസ്ഥാനത്ത് ഇപ്പോൾ 11 വനിതാ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കോട്ടയം, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ വനിതാ ഐ.ടി.ഐ.കൾ ഇല്ലാത്തതിനാൽ ടി ജില്ലകളിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടും സഹകരണത്തോടും കൂടി ഓരോ വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ബാക്കി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 2,31,47,000 രൂപ (നോൺ പ്ലാൻ)

60. ഈ ശീർഷകത്തിൽ അനുവദിച്ച തുക വളരെ അപര്യാപ്തമായതിനാൽ 04-2-സ്ഥലംമാറ്റ ബത്ത ഇനത്തിൽ 40,000 രൂപയും, 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ വെള്ളക്കരം ഇനത്തിൽ 5,000 രൂപയും 3-ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 17,000 രൂപയും, മറ്റിനങ്ങൾ എന്നതിൽ 10,000 രൂപയും ചേർത്ത് ആകെ 32,000 രൂപയും, 28-തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ, 34-മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ യഥാക്രമം 75,000 രൂപ, 3,01,000 രൂപ എന്നീ തുകകളും അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-36-സഹായധനം-ശമ്പളേതരം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

61. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള പഠന ഗവേഷണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റായി (ഐ.എൽ.എസ്.എം.) രൂപപ്പെടുത്താൻ 1500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുകയ്ക്കു പുറമെ 1468 ലക്ഷം രൂപ കൂടി അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-36-സഹായധനം-ശമ്പളേതരം

വിഹിതം : 15,00,000 രൂപ (നോൺ പ്ലാൻ)

62. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക മുതലായവയ്ക്ക് 32.90 ലക്ഷം രൂപ വേണ്ടിവരുന്ന സാഹചര്യത്തിൽ അധികമായി 17.90 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പുതിയ പദ്ധതികൾക്കുള്ള ശുപാർശ

**ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേസ്മെന്റ് സെൽ (പുതിയ സ്കീം)**

വിഹിതം: ഇല്ല

63. ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ, ഫോൺ ലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തികൊണ്ട് ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുവാൻ ഡി.ജി.ഇ.&റ്റി. നിർദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും, സൗകര്യം ഒരുക്കുന്നതിനുമായി 72 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**റീജിയണൽ ഡയറക്ടറേറ്റ്, എറണാകുളം**

വിഹിതം: ഇല്ല

64. കഴിഞ്ഞ മൂന്നുവർഷത്തിൽ 38 ഐ.ടി.ഐ.കൾ സംസ്ഥാനത്ത് പുതിയതായി സർക്കാർ അനുവദിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 7 ഐ.ടി.ഐ.കൾ 1-ാം നിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് 500-ൽ അധികം സ്വകാര്യ ഐ.ടി.ഐ.കളും പ്രവർത്തിക്കുന്നു. ഇക്കാരണത്താൽ ഡയറക്ടറേറ്റിലെ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആയ പ്രവർത്തനത്തിനും വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും കണ്ണൂർ മേഖലാ കേന്ദ്രം പോലെ എറണാകുളത്ത് ഒരു മേഖലാകേന്ദ്രം അത്യന്താപേക്ഷിതമാണ്. ആയതിലേക്കായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**എസ്.സി.വി.റ്റി.യുടെ പുനഃസംഘടനയും ശക്തിപ്പെടുത്തലും**

വിഹിതം: ഇല്ല

65. സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തണമെന്ന് ഡി.ജി.ഇ. &റ്റി. നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്കിൽ ട്രെയിനിംഗ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും എസ്.സി.വി.റ്റി.യെ ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള സ്കിൽ ട്രെയിനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എസ്.സി.വി.റ്റി.യുടെ കീഴിൽ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഇവയ്ക്കെല്ലാമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

വോട്ട് ചെയ്തത് : 124,25,41,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

വിഹിതം : ഇല്ല

2801-80-101-98—ഗ്രാമ വൈദ്യുതീകരണത്തിൽ നേരിടുന്ന നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

വിഹിതം : ഇല്ല

2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂകമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

വിഹിതം : ഇല്ല

66. 2012-13 ബഡ്ജറ്റിൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ, വിദ്യുച്ഛക്തി ബോർഡിന് നൽകേണ്ടതായ സബ്സിഡി തുകകൾ വകയിരുത്തണമെന്നും റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ ബോർഡിന് നൽകാൻ ഉത്തരവായ സബ്സിഡി തുകകൾ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനർട്ട്) ധനസഹായം

വിഹിതം : 2,03,78,000 രൂപ (നോൺ പ്ലാൻ)

67. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലാക്കിയതോടുകൂടി കഴിഞ്ഞ വർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള 250 ലക്ഷം രൂപയും നിർത്തലാക്കിയിരിക്കുന്നതിനാൽ 250 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 1,20,00,000 രൂപ (പ്ലാൻ)

68. ഇ. എം. സി. യുടെ താഴെപ്പറയുന്ന പ്രവർത്തന പരിപാടികൾക്കായി പദ്ധതിയിനത്തിൽ സർക്കാരിന്റെ ധനസഹായം ആവശ്യമാണ് :

1. വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾക്കായി 25 ലക്ഷം രൂപ,
2. ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനായി സബ്സിഡി പദ്ധതിക്ക് 50 ലക്ഷം രൂപ
3. തെരഞ്ഞെടുത്ത, സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമത-ഡിമാന്റ് സൈഡ് മാനേജ്മെന്റ് പരിപാടി നടപ്പിലാക്കാൻ- 40 ലക്ഷം രൂപ,
4. എനർജി ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കുന്നതിനും, ലൈബ്രറികളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾക്കും, സംസ്ഥാനത്തെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലൂടെയുള്ള ഊർജ്ജസംരക്ഷണ പരിപാടികൾക്കും, പൊതുജന ബോധവൽക്കരണ പരിപാടികൾ, ഊർജ്ജക്ലിനിക്, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങളും പ്രചാരണ പരിപാടികളും എന്നീ മേൽപ്പറഞ്ഞ ആറുപരിപാടികൾക്കുമായി 25 ലക്ഷം രൂപ.
5. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് 47 ലക്ഷം രൂപ,
6. എനർജി മാനേജ്മെന്റ് സെന്ററിൽ നിലവിലുള്ള ലൈബ്രറി Energy NET എന്ന പേരിൽ സമാനമായ ലൈബ്രറികളുമായി ചേർന്ന് പുസ്തകങ്ങളും മറ്റു വിവര സങ്കേതങ്ങളും പങ്ക് വയ്ക്കുന്നതിന് 10 ലക്ഷം രൂപ,

7. എനർജി ഓഡിറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 10 ലക്ഷം രൂപ

8. സ്ഥാപനത്തിന്റെ കഴിവു വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സ്റ്റാഫ് സ്ട്രക്ചറിൽ മാറ്റം വരുത്തുന്നതിനും സ്കിൽ അപ്ഗ്രഡേഷൻ പരിപാടികൾക്കുമായി 5 ലക്ഷം രൂപ,

9. ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ,

10. ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നതിന് 25 ലക്ഷം രൂപ,

11. എനർജി മാനേജ്മെന്റ് സെന്ററിനും, എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനുമായി ഓഫീസ് കെട്ടിടം പണിയുന്നതിന് 3 കോടി രൂപ,

12. ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിൽ വരുത്താനുള്ള പ്രവർത്തനത്തിനും, മുടങ്ങിക്കിടക്കുന്ന കല്ലാർ പദ്ധതി നവീകരിക്കുന്നതിനുമായി ഒരു കോടി രൂപ,

13. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യൂനിഡോ സെന്ററിന്റെ പ്രവർത്തനത്തിന് 10 ലക്ഷം രൂപ,

14. സി.എഫ്.എൽ.കൾ സുരക്ഷിതമായി നശിപ്പിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 5 കോടി രൂപ,

15. ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങൾക്ക് റേറ്റ് കോൺട്രാക്ട്-പ്രാരംഭ നടപടിക്കായി 10 ലക്ഷം രൂപ ആവശ്യമായി വരുന്നു.

മേൽ പ്രസ്താവിച്ച ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 1,167 ലക്ഷം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വക കൊള്ളിച്ച തുകയ്ക്ക് ഉപരിയായി 1,047 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ—ധനസഹായം

വിഹിതം : 47,42,000 രൂപ (നോൺ പ്ലാൻ)

69. ഈ ശീർഷകത്തിൽ 165 ലക്ഷം രൂപ ശമ്പളം ഇനത്തിലും, യാത്രാചെലവുകൾ ഇനത്തിൽ 4.5 ലക്ഷം രൂപയും, പോസ്റ്റ്, ടെലിഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ് ചാർജ്ജ് എന്നീ ഇനങ്ങൾക്ക് 6.75 ലക്ഷം രൂപയും, കരം, നികുതി ഇനത്തിൽ 0.75 ലക്ഷവും, പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും ആവശ്യമായി വരുന്ന സാഹചര്യത്തിൽ 130.58 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6801-00-190-86—ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തികൾ (വിദേശസഹായ പദ്ധതികൾ)

വിഹിതം : 18,75,00,000 രൂപ (പ്ലാൻ)

70. ഈ ഇനത്തിൽ 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതു ശുപാർശകൾ

71. വീടുകളിൽ വൈദ്യുത മീറ്റർ റീഡിംഗ് നടത്തുന്ന ഉദ്യോഗസ്ഥർ തന്നെ റീഡിംഗ് പ്രകാരമുള്ള വൈദ്യുത ചാർജ് പണമായോ/ചെക്കായോ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇപ്രകാരമുള്ള സ്പോട്ട് ബില്ലിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ ജീവനക്കാരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

72. സൗരോർജ്ജം ഉപയോഗിച്ച് കത്തുന്ന തെരുവ്‌വിളക്കുകൾ സ്ഥാപിക്കാനാവുമോയെന്ന് പരിശോധിക്കുവാനും, തെരുവുവിളക്കുകൾ കൃത്യസമയത്ത് കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള ഓട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

73. വെള്ളത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സംബന്ധിച്ച പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

വിഹിതം : 272,72,61,000 രൂപ (നോൺ പ്ലാൻ)

74. കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | : | 255,33,30,000 |
| മുനിസിപ്പാലിറ്റീസ് | : | 16,88,40,000 |
| കോർപ്പറേഷൻ | : | 50,91,000 |
| ആകെ | : | 2,72,72,61,000 |

എല്ലാ ക്ഷേമ പെൻഷനുകളും 525 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് ആവശ്യം വരുന്ന 87,70,42,584 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആര്യാടൻ മുഹമ്മദ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*